കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No.27/1461 Convent Road, Kammattam Lane, Vanchiyoor, Thiruvananthapuram-35
Phone: 0471-2472253, 2472254, Fax : 0471-2462252, E-mail: stateliteracymission@gmail.com

തീയതി: 20.02.2018

### സംസ്ഥാനത്ത് പഠനം നടത്തുന്നത് 145 ട്രാൻസ്ജെൻഡറുകൾ

# അധ്യാപകർക്കുള്ള കൈപ്പുസ്തകമായി; തുടർവിദ്യാഭ്യാസ പദ്ധതിക്ക് മികച്ച മുന്നേറ്റം

തിരുവനന്തപുരം: സംസ്ഥാന സാക്ഷരതാമിഷൻ തുടക്കം കുറിച്ച ട്രാൻസ്ജെൻഡർ തുടർവിദ്യാഭ്യാസ പദ്ധതി 'സമന്വയ' യുമായി ബന്ധപ്പെട്ട് തുല്യതാ കോഴ്സ് അധ്യാപകർക്കുള്ള കൈപ്പുസ്തകത്തിന്റെ പ്രകാശനം മന്ത്രി കെ.കെ.ശൈലജ നിർവഹിച്ചു. ആസൂത്രണ ബോർഡ് അംഗം ഡോ.ബി.ഇക്ബാൽ പുസ്തകം ഏറ്റുവാങ്ങി.

ട്രാൻസ്ജെൻഡർ വ്യക്തികൾ പൊതുസമൂഹത്തിന്റെ ഭാഗമാണെന്നും സ്ത്രീയ്ക്കും പുരുഷനും ലഭിക്കേണ്ട തുല്യനീതിയും സ്വാതന്ത്ര്യവും പരിഗണനയും ഭരണഘടന ഉറപ്പുവരുത്തുന്ന മറ്റ് അവകാശങ്ങളും ലഭിക്കേണ്ടവർ ആണെന്നുള്ള കൃത്യമായ അവബോധം അധ്യാപകരിൽ ഉളവാക്കുന്നതിനുവേണ്ടിയാണ് കൈപ്പുസ്തകത്തിനു രൂപം നൽകിയതെന്ന് സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്.ശ്രീകല പറഞ്ഞു.

ട്രാൻസ്ജെൻഡർ വ്യക്തികളോട് സമഭാവനയോടും തുല്യതയോടും വിവേചനരഹിതമായും മാത്രം പെരുമാറുക, വാക്കുകൾകൊണ്ടോ ആംഗ്യഭാഷ കൊണ്ടോ പ്രവൃത്തികൊണ്ടോ കളിയാക്കലുകളോ അധിക്ഷേപങ്ങളോ നടത്തുവാൻ പാടില്ല. വസ്ത്രധാരണം, ശാരീരിക പ്രത്യേകതകൾ, ഭാഷ, സംസാരരീതി തുടങ്ങിയ വ്യത്യസ്തതകൾ അംഗീകരിച്ചുകൊണ്ടാവണം പഠിതാക്കളോട് ഇടപെടേണ്ടത്, മുൻവിധികളോടെ സമീപിക്കാതിരിക്കുക, ആത്മവിശ്വാസം ഉയർത്തുന്നതരത്തിൽ പരമാവധി പ്രോത്സാഹനം നൽകുക, മറ്റുള്ള പഠിതാക്കളുമായി താരതമ്യം ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുക. മാനസികസംഘർഷം അനുഭവിക്കുന്ന, ഒറ്റപെടലുകൾ നേരിടുന്ന പഠിതാക്കൾക്ക് ആവശ്യമായ മാനസിക പിന്തുണയും അത്യാവശ്യ സന്ദർഭങ്ങളിൽ കൗൺസിലിംഗ് പോലുള്ള സഹായവും നൽകുക. വാക്കുകൾ, പ്രയോഗങ്ങൾ, ശൈലികൾ എന്നിവ ഉദാഹരിക്കുമ്പോൾ ലിംഗത്വാവബോധം പാലിക്കുവാൻ അധ്യാപകർ ശ്രദ്ധിക്കുക തുടങ്ങിയ കാര്യങ്ങളാണ് കൈപ്പുസ്തകത്തിലൂടെ അധ്യാപകർക്കു നൽകുന്ന മാർഗനിർദേശങ്ങളെന്ന് ഡോ.പി.എസ്.ശ്രീകല പറഞ്ഞു. അസി.ഡയറക്ടർ ഡോ.ജെ.വിജയമ്മ, ട്രാൻസ്ജെൻഡർ തുടർവിദ്യാഭ്യാസ പദ്ധതി കോർഡിനേറ്റർ ഇ.വി.അനിൽ തുടങ്ങിയവർ പങ്കെടുത്തു.

സാക്ഷരതാമിഷന്റെ നാല്, ഏഴ്, പത്ത്, ഹയർസെക്കൻഡറി തുല്യതാ വിഭാഗങ്ങളിലായി

സംസ്ഥാനത്ത് മൊത്തം 145 ട്രാൻസ്ജെൻഡറുകളാണ് ആദ്യഘട്ടത്തിൽ ക്ലാസ്സുകളിൽ എത്തിയിരിക്കുന്നത്. ഒരോ തുല്യതാ കോഴ്സിലും ട്രാൻസ്ജെൻഡർ വിഭാഗത്തിൽ നിന്നും കുറഞ്ഞത് 10 പേർ രജ്സിറ്റർ ചെയ്ത ജില്ലകളിൽ അവർക്കായി പ്രത്യേകം ക്ലാസുകളാണ് ക്രമീകരിച്ചിരിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലാണ് ഈ വിഭാഗത്തിൽ നിന്നുളളവർക്കായി പ്രത്യേകം ക്ലാസുകൾ ഏർപ്പെടുത്തിയത്. എണ്ണം പത്തിനുതാഴെയുള്ള ജില്ലകളിൽ പൊതുവായി സാക്ഷരതാമിഷൻ നടത്തിവരുന്ന തുല്യതാ ക്ലാസുകളിലാണ് ട്രാൻസ്ജെൻഡർ വിഭാഗത്തിൽ നിന്നുള്ളവർക്കും പഠനത്തിന് അവസരം നൽകിയിരിക്കുന്നത്.

തിരുവനന്തപുരം ജില്ലയിൽ പത്ത്, ഹയർസെക്കൻഡറി തുല്യതാ കോഴുസുകളിൽ 10 വീതം ട്രാൻസ്ജെൻഡറുകളാണ് പഠനം നടത്തിവരുന്നത്. കൊല്ലത്ത് പത്താംതരത്തിന് 20 പേരും ഹയർ സെക്കൻഡറിയ്ക്ക് 15 പേരുമാണ് പഠിക്കുന്നത്. പത്തനംതിട്ട ജില്ലയിൽ ഹയർ സെക്കൻഡറി തുല്യതാ കോഴ്സിൽ 25 പേരും ആലപ്പുഴ ജില്ലയിൽ പത്താംതരത്തിന് 10 ഉം ട്രാൻസ്ജെൻഡറുകളാണ് തുടർവിദ്യാഭ്യാസത്തിനുള്ള അവസരം പ്രയോജനപ്പെടുത്തിയത്. ഈ ജില്ലകളിൽ ഓരോ ക്ലാസിനും ട്രാൻസ്ജെൻഡർ വിഭാഗത്തിൽ നിന്നുള്ള ഒരാൾ കോർഡിനേറ്ററാണ്.

ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കായുള്ള പ്രത്യേകം ക്ലാസ്സുകൾക്കായി മൊത്തം 45 അധ്യാപകരാണുള്ളത്. പത്താംതരത്തിന് ഒമ്പത് വിഷയങ്ങളും ഹയർസെക്കൻഡറിക്ക് ആറു വിഷയങ്ങളുമുണ്ട്. അധ്യാപകരിൽ ട്രാൻസ്ജെൻഡർ വിഭാഗങ്ങളിൽ നിന്നുള്ളവരും ഉൾപ്പടുന്നു.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 9995969711

# ഫോട്ടോ ക്യാപ്ഷൻ

**സംസ്ഥാന സാക്ഷരതാമിഷന്റെ ട്രാൻസ്ജെൻഡർ തുടർവിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് തുല്യതാ കോഴ്സ് അധ്യാപകർക്കുളള കൈപ്പുസ്തകം മന്ത്രി കെ.കെ.ശൈലജ ആസൂത്രണ ബോർഡ് അംഗം ഡോ.ബി.ഇക്ബാലിനു നൽകി പ്രകാശനം ചെയ്യുന്നു. സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്.ശ്രീകല സമീപം**